## ഗതാഗത വകുപ്പുമന്ത്രി ചുമതല വഹിക്കുന്ന ഓരോ വകുപ്പിനും 2012-13 ബഡ്ജറ്റിൽ അനുവദിച്ച തുക

79 (433) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗതവകുപ്പുമന്ത്രി ചുമതല വഹിക്കുന്ന ഓരോ വകുപ്പിനും 2012-13 സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയേയും നാളിതുവരെ ഓരോ വകുപ്പും ചെലവഴിച്ച തുകയേയും സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ, ഓരോ വകുപ്പുവഴിയും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും ഇതിനകം നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയെന്ന് അറിയിക്കുമോ ; ഭരണാനുമതി നൽകാത്തവ ഏതൊക്കെ ; ഭരണാനുമതി നൽകിയെങ്കിലും പദ്ധതി നിർവ്വഹണം നടന്നിട്ടില്ലാത്തവ ഏതൊക്കെ ;

(സി) ഓരോ വകുപ്പിന്റെയും ഓരോ ബഡ്ജറ്റിലും വകയിരുത്തപ്പെട്ട തുകയും ഇതിനകം ഖജനാവിൽ നിന്നും ചെലവാക്കിയിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം-I ആയും* ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം-II ആയും ചേർത്തിരിക്കുന്നു.*

(ബി) ഗതാഗത വകുപ്പിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാക്കാത്തതും ഭരണാനുമതി നൽകാനുള്ളതും പൂർത്തിയാക്കിയതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധം-III ആയി വച്ചിരിക്കുന്നു.* ഊർജ്ജ വകുപ്പിലെ പദ്ധതികളുടെ വിശദാംശം അനുബന്ധം-IV ആയി വച്ചിരിക്കുന്നു.*

(സി) അനുബന്ധം അനുബന്ധം-I-ഉം II-ഉം പ്രകാരം വ്യക്തമാക്കുന്നു.*

## കെ.എസ്.ആർ.ടി.സി.-യിൽ ഡീസലിന് പകരം പ്രകൃതി വാതകം

80 (434) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം എത്ര തുകയുടെ അധികചെലവാണ് ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഡീസലിന് പകരം പ്രകൃതിവാതകം ഉപയോഗിക്കുവാനുള്ള പദ്ധതി കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly